'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ല - കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് (നിലവിൽ ഇരിട്ടി നഗരസഭ) സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ഐസക്ക് ജോർജ്ജ്, സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. സുമേഷ് വി. എന്നിവർക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2510/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/11/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഇ17(എസ്.സി.68/17/കെ.എൻ.ആർ.)25054/17 നമ്പർ കത്ത്

2 സർക്കാരിന്റെ 05.01.2019-ലെ 223/ഇപിബി3/2018/തസ്വഭവ നമ്പർ കുറ്റപത്രങ്ങൾ

3 ശ്രീ. ഐസക്ക് ജോർജ്ജ്, ശ്രീ. സുമേഷ് വി. എന്നിവർ 19.03.2019, 04.04.2019 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്തിലെ (നിലവിൽ ഇരിട്ടി നഗരസഭ) ഉളിയിൽ എന്ന സ്ഥലത്ത് ബി.എ.94/13-14 പെർമിറ്റ് പ്രകാരം നിർമ്മാണം നടത്തിയ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ചട്ടങ്ങൾ പാലിക്കാതെയും ഇരിട്ടി മുനിസിപ്പൽ ഉദ്യോഗസ്ഥന്മാരെ സ്വാധീനിച്ച് നിർമ്മാണം പൂർത്തിയാക്കാതെ ഒക്യുപെൻസി വാങ്ങിച്ചുവെന്നും രണ്ടാം നിലയ്ക്ക് പെർമിറ്റ് ലഭിക്കാതെ നിർമ്മാണം നടത്തിയെന്നുമുള്ള ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണ്ണൂർ യൂണിറ്റ് കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

### പെർമിറ്റ് നൽകിയതിലെ ക്രമക്കേടുകൾ

1. കെ.പി.ബി.ആർ. ചട്ടം 38 പ്രകാരം ആവശ്യമായ പാർക്കിംഗ് യൂണിറ്റുകൾ സൈറ്റ് പരിശോധിച്ചപ്പോൾ പ്രായോഗികമല്ലെന്ന് കണ്ടെത്തി. എഫ്. ഫ്ലോറിൽ പാർക്കിംഗ് യൂണിറ്റ് കാണിച്ചെങ്കിലും access കാണുന്നില്ല.

2. ചട്ടം 104 പ്രകാരമുള്ള അംഗപരിമിതർക്ക് ആവശ്യമായ റാമ്പ് സൗകര്യങ്ങൾ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ചട്ടം 56(7) പ്രകാരമുള്ള സാനിറ്ററി സൗകര്യങ്ങൾ, ഡ്രെയിനേജ് എന്നിവ വ്യക്തമായി കാണിച്ചിട്ടില്ല.

**<u>കെട്ടിടത്തിൽ പരിശോധന നടത്തിയപ്പോൾ കണ്ടെത്തിയ അപാകതകൾ</u>**

1. കെട്ടിടത്തിന് പെർമിറ്റ് നൽകിയതിൽ കൂടുതൽ വിസ്തീർണ്ണത്തിൽ കെട്ടിടം പണിതിട്ടുണ്ട്. പെർമിറ്റ് നൽകുമ്പോൾ പ്ലാനിൽ കാണിച്ച സെറ്റ് ബാക്ക് ഇപ്പോൾ അവിടെ ലഭ്യമല്ല. ആ സ്ഥലത്ത് കെട്ടിടം എക്സ്റ്റന്റ് ചെയ്തതായി കാണുന്നു. അതുകൊണ്ടുതന്നെ പെർമിറ്റ് നൽകിയ പ്ലാനും പൂർത്തിയായ കെട്ടിടവും വ്യത്യസ്ഥമായി കാണുന്നു.

2. ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നീ നിലകൾക്കാണ് നിർമ്മാണാനുമതി നൽകിയിട്ടുള്ളത് എങ്കിലും ഒരു നില കൂടി ഭാഗീകമായി പൂർത്തീകരിച്ചതായി കാണുന്നു. ഇത് അനധികൃതമാണ്.

3. മുറികൾ വേർതിരിക്കാതെ ഒരു വലിയ ഹാൾ ആയിട്ടാണ് കാണപ്പെടുന്നത്. ഓരോ മുറിയ്ക്കും കെട്ടിട നമ്പർ നൽകിയതായി കാണുന്നു.

4. കെ.പി.ബി.ആർ. ചട്ടം 56(7) പ്രകാരം ആവശ്യമായ ടോയ് ലെറ്റ് സൗകര്യങ്ങൾ കെട്ടിടത്തിൽ നൽകിയിട്ടില്ല.

5. അനധികൃതമായി ഒരു നില കൂടുതൽ നിർമ്മിച്ചതായും ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ പെർമിറ്റിൽ പറഞ്ഞതിനേക്കാൾ കൂടുതൽ നിർമ്മിച്ചിരിക്കുന്നതിനാലും ചട്ടം 35 പ്രകാരം FAR, Coverage എന്നിവ പരിശോധിക്കാൻ സാധിക്കാതെ വന്നിരിക്കുകയാണ്.

6. ചട്ടം 38 പ്രകാരം ആവശ്യമായ കാർ പാർക്കിംഗ് സൗകര്യം കെട്ടിടത്തിൽ ഇല്ല.

7. അംഗപരിമിതർക്കുള്ള റാംപ് സൗകര്യം കെട്ടിടത്തിൽ ഏർപ്പെടുത്തിയിട്ടില്ല.

8. Rain water harvesting tank നിർമ്മിച്ചത് റോഡിൽ നിന്ന് 3 മീറ്ററിനുള്ളിലാണ്.

വിജിലൻസിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മേൽ വീഴ്ചകൾക്കുത്തരവാദികളായ കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ഐസക്ക് ജോർജ്ജ്, സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. സുമേഷ് വി. എന്നിവർക്ക് പരാമർ ശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. ഐസക്ക് ജോർജ്ജ്, ശ്രീ. സുമേഷ് വി. എന്നിവർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ആരോപണങ്ങളെല്ലാം നിഷേധിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഐസക്ക് ജോർജ്ജ്, ശ്രീ. സുമേഷ് വി. എന്നിവർക്കെതിരെ കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയാണ് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളത് എന്നതിനാൽ ടിയാളുകൾക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ഐസക്ക് ജോർജ്ജ്, സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. സുമേഷ് വി. എന്നിവർക്കെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.അരുൺ.ടി.ജെ -യെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

   (പരാമർശം (1), (2), (3) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. ഐസക്ക് ജോർജ്ജ്, സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി, കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത്
3. ശ്രീ. സുമേഷ് വി., സെക്ഷൻ ക്ലാർക്ക്, കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത്
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. സെക്രട്ടറി, ഇരിട്ടി നഗരസഭ (മുൻ കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത്)
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/223/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ